ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 31-12-2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1.) സാമൂഹത്തിന്റെ കൂട്ടായ പുരോഗതിയിൽ വൈയക്തിക മൂല്യങ്ങൾ വളരെയേറെ സംഭാവന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

**The Prime Minister, Shri Narendra Modi, has underlined the importance of benevolent thinking in advancing the welfare of society.**

2) ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യത്വത്തെയും, സാഹോദര്യത്തെയും ശ്രീനാരായണ ഗുരു ലോകത്തിനു കാട്ടിക്കൊടുത്തതായി മുഖ്യമന്ത്രി പിണറായി വിജയൻ. 93 മത് ശിവഗിരി തീർത്ഥാടന സമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**Kerala Chief Minister Pinarayi Vijayan said that the spiritual leader and social reformer Sree Narayana Guru showed the world the values of humanity and brotherhood while address 93rd Sivagiri Pilgrimage in Varkala Sivagiri Mutt.**

3) പുതുവർഷത്തെ വരവേൽക്കാനൊരുങ്ങി ലോകം. സംസ്ഥാനത്തും വിപുലമായ ആഘോഷപരിപാടികൾ.

**The world is gearing up to welcome the New Year. Extensive celebrations are being organized across Kerala.**

4) മാർച്ച് 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.ബി.എസ്.ഇ 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകളിൽ മാറ്റം. പുതുക്കിയ തീയതികൾ സി.ബി.എസ്.ഇ പ്രഖ്യാപിച്ചു.

**CBSE has announced the revised dates of board examinations for class 10th and 12th.**

5) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അതിശൈത്യം തുടരുന്നു. കനത്ത മൂടൽമഞ്ഞ് ട്രെയിൻ ഗതാഗതത്തെയും, വിമാന സർവീസുകളെയും ബാധിച്ചു.

**Severe cold conditions prevails in north Indian states. Dense fog has disrupted train and flight services.**

&&&&&&&&&&&&&&&&&

## HEADLINE-1

**PM – REFORMS**

സാമൂഹത്തിന്റെ കൂട്ടായ പുരോഗതിയിൽ വൈയക്തിക മൂല്യങ്ങൾ വളരെയേറെ സംഭാവന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സാമൂഹിക ക്ഷേമത്തിന് ഉദാര ചിന്താരീതികൾ ഏറെ പ്രധാനമാണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ വളർച്ചാ യാത്രയ്ക്ക് ആക്കം കൂട്ടിയ വിപ്ലവകരമായ മാറ്റങ്ങളാണ് വിവിധ മേഖലകളിൽ ഈ വർഷമുണ്ടായത്. 2025 പരിഷ്കാരങ്ങളുടെ വർഷമായി ഓർമ്മിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയെ ലോകം ഇന്ന് പ്രതീക്ഷയോടെയും ആത്മവിശ്വാസത്തോടെയുമാണ് നോക്കി കാണുന്നത്. പുത്തൻ തലമുറ പരിഷ്കാരങ്ങളിലൂടെ രാജ്യത്തുണ്ടായ അതിവേഗ പുരോഗതിയെ അഭിനന്ദിക്കുന്നതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## HEADLINE-2

**CM-SIVAGIRI**

ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യത്വത്തെയും, സാഹോദര്യത്തെയും ലോകത്തിനു കാട്ടിക്കൊടുത്ത യഥാർത്ഥ വിശ്വഗുരു

ആണ് ശ്രീനാരായണ ഗുരുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 93ാമത് ശിവഗിരി തീർഥാടനത്തോട് അനുബന്ധിച്ചുള്ള മഹാസമ്മേളനം മുഖ്യമന്ത്രി വർക്കലയിൽ ഉദ്ഘാടനം ചെയ്തു. ചാതുർവർണ്യ വ്യവസ്ഥ തകർക്കുക എന്ന സന്ദേശമാണ് അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ഗുരു പകർന്ന് നൽകിയതെന്ന് അദ്ദേഹം പറഞ്ഞു. ഗുരുവിന്റെ ദർശനങ്ങൾ ഉൾക്കൊണ്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ടു പോകുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## HEADLINE-3

**NEW YEAR SECURITY TVM (INTRO)**

***2026 നെ വരവേൽക്കാനൊരുങ്ങി ലോകം. പുതുവർഷ പിറവിയിൽ സംസ്ഥാനത്തും വിപുലമായ ആഘോഷപരിപാടികളാണ് നടക്കുന്നത്. സംസ്ഥാനത്തുടനീളം പൊലീസ് വലിയതോതിലുള്ള സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.***

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്.....***

***(ഹോൾഡ്)***

&&&&&&&&&&&&&&&&&

**Fort Kochi**

സംസ്ഥാനത്ത് ഏറ്റവും വലിയ പുതുവത്സരാഘോഷം നടക്കുന്ന ഫോർട്ട് കൊച്ചിയിൽ ഉൾപ്പെടെ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ട്, വെളി ഗ്രൗണ്ട് പരിസരത്ത് പാർക്കിംഗ് നിരോധിക്കും. ഇന്ന് ഉച്ചക്ക് രണ്ടിന് ശേഷം ഈ ഭാഗങ്ങളിലേക്ക് വാഹനങ്ങൾ കടത്തിവിടില്ല. വൈപ്പിൻ ഭാഗത്തു നിന്നും റോറോ ജങ്കാർ വഴി ഫോർട്ട് കൊച്ചിയിലേക്ക് വാഹനങ്ങൾ വൈകിട്ട് നാല് വരെയും ആളുകളെ ഏഴ് വരെയും മാത്രമേ കടത്തിവിടുകയുള്ളൂ. തിരക്ക് കണക്കിലെടുത്ത് ബസുകൾ പുലർച്ചെ മൂന്നു വരെയും മെട്രോ റെയിൽ പുലർച്ചെ രണ്ട് വരെയും വാട്ടർ മെട്രോ പുലർച്ചെ നാലുവരെയും സർവീസ് നടത്തും.

&&&&&&&&&&&&&&&&&

**HEADLINE-4**

**CBSE-DATES**

2026 മാർച്ച് 3 ന് നടത്താൻ നിശ്ചയിച്ചിരുന്ന സി.ബി.എസ്.ഇ 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകളിൽ മാറ്റം. പുതുക്കിയ തീയതികൾ സി.ബി.എസ്.ഇ പ്രഖ്യാപിച്ചു. മാർച്ച് 3-ലെ പത്താം ക്ലാസ് പരീക്ഷ മാർച്ച് 11 ലേക്കും, പന്ത്രണ്ടാം ക്ലാസ് പരീക്ഷ ഏപ്രിൽ 10 ലേക്കുമാണ് മാറ്റിയത്. ഭരണപരമായ കാരണങ്ങളാലാണ് തീയതികൾ പുനഃക്രമീകരിച്ചതെന്ന് ബോർഡ് അറിയിച്ചു. മറ്റ് പരീക്ഷകളിൽ മാറ്റമില്ല. സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷകൾ 2026 ഫെബ്രുവരി 17- ന് ആരംഭിച്ച് മാർച്ച് പത്ത് വരെയും 12-ാം ക്ലാസ് പരീക്ഷകൾ ഫെബ്രുവരി 17 മുതൽ ഏപ്രിൽ ഒൻപത് വരെയുമാണ് നടക്കുന്നത്.

&&&&&&&&&&&&&&&&&

**SIR - UP KERALA**

ഉത്തർപ്രദേശിൽ വോട്ടർ പട്ടിക തീവ്ര പരിഷ്കരണത്തിനുള്ള സമയക്രമം പരിഷ്കരിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കരട് വോട്ടർ പട്ടിക ജനുവരി 6 ന് പ്രസിദ്ധീകരിക്കുമെന്ന് യു.പി ചീഫ് ഇലക്ടറൽ ഓഫീസർ നവ്ദീപ് റിൻവ പറഞ്ഞു. കരട് പട്ടിക ഇന്ന് പ്രസിദ്ധീകരിക്കുമെന്നായിരുന്നു നേരത്തെ അറിയിച്ചിരുന്നത്. പരാതികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി ഫെബ്രുവരി 6 വരെ നീട്ടി. അന്തിമ വോട്ടർ പട്ടിക മാർച്ച് 6 ന് പ്രസിദ്ധീകരിക്കും. കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെയാണ് സമർപ്പിക്കാൻ സാധിക്കുക. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(ബ്രേക്ക്)

&&&&&&&&&&&&&&&&&

## YEAR ENDER-PRODUCTION

ലോക വേദിയിൽ ഇന്ത്യയുടെ വികസന വളർച്ചയുടെ നിർണായക അധ്യായമായിരുന്നു 2025. ഇന്ത്യയുടെ ഉത്പാദന മേഖലയിലെ കുതിപ്പിനെക്കുറിച്ചാണ് 'പരിഷ്കാരങ്ങളുടെ വർഷം' എന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. വ്യാവസായിക, സാമ്പത്തിക വികസനത്തിൽ 7.8 ശതമാനം വളർച്ച പ്രതീക്ഷിക്കുന്ന നിലയിലേക്ക് രാജ്യം 2025 ൽ ഉയർന്നു. അതിവേഗം വളർച്ച പ്രാപിക്കുന്ന വിപണി, ആഗോള നിർമാണ കേന്ദ്രം എന്നീ നിലയിലേക്ക് രാജ്യം മാറിയത് നേരിട്ടുള്ള വിദേശ നിക്ഷേപത്തിൽ വർദ്ധനയ്ക്കും കാരണമായി. സൗരോർജ്ജ മേഖലയിൽ 100 ജിഗാവാട്ട് എന്ന ലക്ഷ്യം കൈവരിക്കാനും ഇക്കാലയളവിൽ സാധിച്ചു. വ്യോമയാന നിർമാണ മേഖലയിലും രാജ്യം 2025 ൽ കുതിച്ചുചാട്ടമുണ്ടാക്കി. 25 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതിലൂടെ ഇലക്ട്രോണിക് മേഖലയും വലിയ സംഭാവനകളാണ് രാജ്യത്തിന് നൽകിയത്. ജിഎസ്ടി നിരക്കുകൾ കേന്ദ്രസർക്കാർ ഇക്കൊല്ലം പരിഷ്കരിച്ചതും നിർമാണ മേഖലയ്ക്ക് ഏറെ ഗുണകരമായി.

&&&&&&&&&&&&&&&&&&

## MURUGAN – CALENDAR LAUNCH

കേന്ദ്ര സർക്കാരിന്റെ 2026 ലെ കലണ്ടർ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. 2047 ലെ വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിൻറെ ദേശീയ യാത്രയിലെ സുപ്രധാന അധ്യായങ്ങൾ കലണ്ടർ അടയാളപ്പെടുത്തുന്നു, സമഗ്ര വളർച്ചയും, ദീർഘകാല വികസനവും ലക്ഷ്യമിടുന്ന പരിഷ്കാരങ്ങളാണ് കേന്ദ്രസർക്കാർ നടപ്പാക്കിവരുന്നതെന്ന് ശ്രീ എൽ മുരുഗൻ ചടങ്ങിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## BALAPURSKAR INTRO

***2025 ലെ പ്രധാനമന്ത്രിയുടെ ദേശീയ ബാലപുരസ്കാരം നേടി കേരളത്തിൽ നിന്നുള്ള 11 വയസ്സുള്ള പി. മുഹമ്മദ് സിദാൻ . സമയോചിതമായ ഇടപെടലിലൂടെ രണ്ടു ജീവൻ രക്ഷിച്ച സിദാന്റെ ധൈര്യത്തിനും മനസ്സാന്നിധ്യത്തിനുമുള്ള അംഗീകാരമായ ഈ പുരസ്കാരം ന്യൂഡൽഹിയിൽ കഴിഞ്ഞ ദിവസം നടന്ന ചടങ്ങിൽ***

***രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു . അവസരോചിതമായ ഇടപെടലിലൂടെ രണ്ട് കൂട്ടുകാരെ വൈദ്യുതാഘാതത്തിൽ നിന്ന് രക്ഷിച്ച മുഹമ്മദ് സിദാൻ തന്റെ സന്തോഷം ആകാശവാണി വാർത്തകളുമായി പങ്കുവയ്ക്കുന്നു.***

***(ഹോൾഡ്)***

&&&&&&&&&&&&&&&&&&

**IMD - WEATHER**

ബിഹാർ, ഉത്തർപ്രദേശ്, ഹിമാചൽ പ്രദേശ്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, പശ്ചിമ ബംഗാൾ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ കനത്ത മൂടൽ മഞ്ഞിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു-കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ മഴയ്ക്കും സാധ്യതയുണ്ട്. കിഴക്കൻ ലഡാക്കിൽ രാത്രി താപനില മൈനസ് 15 ഡിഗ്രിയാണ് കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തത്. ജമ്മുകശ്മീരിലെ ഗുൽമാർഗ്, തുലൈൽ വാലി ഉൾപ്പെടെയുള്ള ഉയർന്ന മേഖലകളിൽ മഞ്ഞുവീഴ്ചയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉത്തരാഖണ്ഡിലെ ഉയർന്ന പ്രദേശങ്ങളിലും ഇന്ന് മഞ്ഞുവീഴ്ചയ്ക്ക് സാധ്യതയുണ്ട്. പ്രതികൂല കാലാവസ്ഥയെത്തുടർന്ന് നൈനിറ്റാൾ, ഹരിദ്വാർ, ഉദ്ധം സിംഗ് നഗർ ജില്ലകളിൽ ഇന്ന് സ്കൂളുകൾക്ക് അവധി നൽകി. നൈനിറ്റാൾ, ചമ്പാവത്, പൗരി, ഡെറാഡൂൺ ജില്ലകളിലും മൂന്ന് ദിവസം മൂടൽമഞ്ഞിന് സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

**HEADLINE-5**

**FOG - TRAIN AND FLIGHT_**

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ കനത്ത മൂടൽമഞ്ഞ് ട്രെയിൻ, വിമാന സർവീസുകളെയും ബാധിച്ചു. ഡൽഹിയിലേക്കുള്ള 50-ലധികം ട്രെയിനുകൾ വൈകി ഓടുന്നതായി റെയിൽവേ അറിയിച്ചു . ഡൽഹി വിമാനത്താവളത്തിൽ നിന്നുള്ള, 148 ഓളം വിമാന സർവീസുകളും റദ്ദാക്കിയിട്ടുണ്ട്. റീബുക്കിംഗ് ,റീഫണ്ട് എന്നിവ സംബന്ധിച്ച സേവന

മാനദണ്ഡങ്ങൾ കർശനമായി പാലിക്കാൻ സിവിൽ വ്യോമയാന മന്ത്രാലയം വിമാനക്കമ്പനികൾക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&

**PARIKSHA PE CHARCHA**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള പരീക്ഷാ പേ ചർച്ചയുടെ 9-ാമത് പതിപ്പിനായുള്ള രജിസ്ട്രേഷൻ മൂന്ന് കോടി കടന്നു. 6 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും ജനുവരി 11 വരെ MyGov പ്ലാറ്റ്ഫോമിലൂടെ ഇതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. പരീക്ഷയുമായി ബന്ധപ്പെട്ട മാനസിക സംഘർഷങ്ങൾ കുറച്ച് വിദ്യാർത്ഥികളിൽ ശുഭാപ്തി വിശ്വാസം ഉണർത്തുകയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&

**PM - ARJUN ERIGAISI**

ദോഹയിൽ നടന്ന FIDE വേൾഡ് ബ്ലിറ്റ്സ് ചെസ് ചാമ്പ്യൻഷിപ്പിൽ വെങ്കലം നേടിയ അർജുൻ എറിഗൈസിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. അർജുന്റെ വിജയം യുവജനങ്ങൾക്കാകെ പ്രചോദനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

**PM-YUVA 3.0**

യുവ എഴുത്തുകാരെ പ്രചോദിപ്പിക്കുന്നതിനുള്ള PM-YUVA 3.0 മത്സരത്തിൻറെ ഫലങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പ്രഖ്യാപിച്ചു. 22 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലുമുള്ള 43 പുസ്തകങ്ങളാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ എഴുത്തുകാരനും പ്രതിമാസം അമ്പതിനായിരം രൂപ സ്കോളർഷിപ്പും, പ്രസിദ്ധീകരിച്ച പുസ്തകത്തിന് 10 ശതമാനം ആജീവനാന്ത റോയൽറ്റിയും നൽകും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&